# കേരള സർവകലാശാല

നം.പി.ആർ.105/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2020 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ (2013 അഡ്മിഷന് മുമ്പ്) 2010. 2011 അഡ്മിഷൻ മേഴ്സി ചാൻസ് 2012 അഡ്മിഷൻ സപ്ലിമെന്ററി ബി.ബി.എ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷകൾ 25.06.2020 ന് മുമ്പ് ഓൺലൈനായി ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ..

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി (2017 അഡ്മിഷൻ റെഗുലർ, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി. 2013 അഡ്മിഷൻ മേഴ്സി ചാൻസ്) കെമിസ്ട്രിയുടെ പ്രാക്ടിക്കലും പ്രോജക്ട് വൈവ പരീക്ഷയും 29.6.2020 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ..

### വിദൂരവിദ്യാഭ്യാസ വിഭാഗം ഓൺലൈൻ പഠനരീതിയിലേക്ക്

ലോകം മുഴുവൻ കോവിഡ്–19 ഭീഷണി നേരിട്ടു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അദ്ധ്യാപനം ക്ലാസ്സ് മുറികളിൽ നിന്നും സൈബറിടങ്ങളിലേക്ക് മാറിയിരിക്കുകയാണ്. വിവരസാങ്കേതികവിദ്യയുടെ വിദഗ്ദ്ധമായ ഉപയോഗത്തിലൂടെ വിദ്യാഭ്യാസമെന്ന മൗലികാവകാശം വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാരും സ്ഥാപനങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. കേരള സർവ്വകലാശാലയും ഈ സംരംഭത്തിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നു. വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി ജൂൺ ഒന്നാം തീയതി മുതൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചു. രണ്ടാം ഘട്ടമായി ജൂൺ അവസാനവാരം മൂന്നാം സെമസ്റ്റർ ബിരുദ ക്ലാസ്സുകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. സാങ്കേതികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സമാന്തരപഠനമാർഗ്ഗങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

### അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, ശ്രീകാര്യം, തിരുവനന്തപുരം നടത്തുന്ന എം.എസ്.ഡബ്ല്യു & എം.എ.എച്ച്.ആർ.എം കോഴ്സുകളിലേക്ക് 2020 ജൂൺ 15–ാം തീയതി മുതൽ താഴെ പറയുന്ന ലിങ്ക് വഴി ഓൺലൈനായി മാത്രം അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ജൂലൈ 14.

ലിങ്ക് – http://loyolacollegekerala.edu.in/log.in

## പരീക്ഷാഫീസ്

സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ പഠന വകുപ്പുകളിൽ (സി.എസ്സ്.എസ്സ്) 2020 ജൂൺ 24 ന് ആരംഭിക്കുന്ന പി.ജി 4–ാം സെമസ്റ്റർ പരീക്ഷയുടെ ഫീസ് പിഴ കൂടാതെ 2020 ജൂൺ 18 വരെയും പിഴയോടുകൂടി 2020 ജൂൺ 22 വരെയും ഓൺലൈനായി അടയ്ക്കാവുന്നതാണ്.

## ടൈംടേബിൾ

2020 മാർച്ച് 23 മുതൽ 30 വരെ നടത്തുവാൻ നിശ്ചയിച്ചിരുന്നതും ലോക്ഡൗൺ കാരണം നീട്ടി വച്ചതുമായ അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം–സപ്ലിമെന്ററി, പാർട്ട്–ടൈം, ഫൈനൽ മേഴ്സി ചാൻസ്) പരീക്ഷകളുടെ പുന:ക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എച്ച്.ഡി നൽകി

ദീപ കെ.ഗോപാൽ, രേണുക.ഒ, രമ്യ ബി.ആർ, ഷാർജ.എൻ (മലയാളം), ഗീതു എലിസബത്ത് തോമസ്, ദൃശ്യ രവി ആർ.എസ്, മൻതോഷ് കുമാർ (ബയോടെക്നോളജി), അനിൽകുമാർ പി (ഇക്കണോമിക്സ്), ജെസ്ന മൊഹമ്മദ് (മെക്കാനിക്കൽ എൻജിനീയറിംഗ്), ബീന ആർ.എസ്, രമ്യ ഹരിഹരൻ എൽ (സോഷ്യോളജി), സൂസൻ കുര്യൻ (സുവോളജി), ശ്രീരേഖ ആർ (അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്), അമീൻ ഷാ എം, സുമി വി.എസ് (കെമിസ്ട്രി), മഞ്ജു എസ് നായർ (കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ്) എന്നിവർക്ക് ഇന്നു ചേർന്ന സിൻഡിക്കേറ്റ് യോഗം പി.എച്ച്.ഡി നൽകി.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**15.06.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**